കേരളത്തിൽ 1997 മുതൽ നടപ്പിലാക്കി വരുന്ന പരിപാടിയാണിത്. അതിന്റെ ഫലമായി ഇവിടെ ആർക്കും പാർശ്വഫലങ്ങൾ ഉണ്ടായിട്ടില്ല. എവിടേയും പരാതി ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇത് നടപ്പിലാക്കാൻ തന്നെയാണ് ഗവണ്മെന്റിന്റെ തീരുമാനം.

(12) വടകരയിലെ ഭക്ഷ്യ വിഷബാധ

ശ്രീ. സി. കെ. നാണു: സർ, വടകരയിലെ കുറിഞ്ഞാലിയോട് കഴിഞ്ഞ 20-ാം തീയതി ഒരു വിവാഹ സദ്യയിൽ പങ്കെടുത്ത ഇരുന്നൂറിലധികം ആളുകൾ ഛർദ്ദിയും വയറിളക്കവും പനിയും ബാധിച്ച് ഇന്നലെ വൈകുന്നേരം വടകര താലൂക്കാശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. 15 വയസ്സുള്ള ഒരു കുട്ടിയെ രോഗം ഗുരുതരമായതിന്റെ ഫലമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസയ്ക്ക് അയച്ചിരിക്കുകയാണ്. വടകര തഹസീൽദാരും മറ്റ് ഉദ്യോഗസ്ഥരുമെല്ലാം താലൂക്കാശുപത്രിയുടെ പരിസരത്ത് സഹായം ചെയ്യാനുണ്ടായിരുന്നു. വിവരം അറിഞ്ഞ ഉടനെതന്നെ ഞാൻ സന്ധ്യക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഡി.എം.ഒ.-യേയും അതുപോലെ വടകര താലൂക്കാശുപത്രിയിലും പരിസരത്തുമുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും വിളിച്ചുവരുത്തി ആവശ്യമായ ചികിൽസയെല്ലാം നൽകിവരികയാണ്. പാകം ചെയ്ത ഭക്ഷണവും ഛർദ്ദിയുമെല്ലാം പരിശോധനയ്ക്കയച്ചിരിക്കുകയാണ്. അവിടെ ആശുപത്രിയിൽ ഉള്ളവരിൽ ഭൂരിഭാഗവും പാവപ്പെട്ടവരാണ്. ഇതിന്റെ റിപ്പോർട്ട് കിട്ടുന്ന അവസരത്തിൽ ഇതിനാവശ്യമായ രൂപത്തിലുള്ള ചികിൽസയും രോഗവുമായി ബന്ധപ്പെട്ട എല്ലാ മരുന്നുകളും നൽകി സഹായകരമായ രൂപത്തിൽ ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്യുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രത്യേകമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, ഈ സംഭവം അറിഞ്ഞയുടൻതന്നെ ബഹുമാനപ്പെട്ട സി.കെ. നാണു, ശ്രീ. എ. സി. ഷൺമുഖദാസ്, വടകര പ്രദേശത്തുള്ള പൊതുപ്രവർത്തകർ ഇവരെല്ലാം എന്നെ അറിയിക്കുകയുണ്ടായി. അതിനുമുമ്പുതന്നെ ഡി.എം.ഒ. ഈ സംഭവം ഉണ്ടായിട്ടുണ്ടെന്ന് എന്നെ വിളിച്ച് പറയുകയുണ്ടായി. ഭക്ഷ്യവിഷബാധയേറ്റ് 219 പേരാണ് വടകര ഗവണ്മെന്റ് ആശുപത്രിയിലെത്തിയത്. അതിൽ 49 പുരുഷന്മാരും 67 സ്ത്രീകളും 16 കുട്ടികളുമുൾപ്പെടെ 132 പേരെ അഡ്മിറ്റ് ചെയ്ത് ചികിൽസ നൽകി. ബാക്കിയുള്ളവരെ പ്രഥമ ശുശ്രൂഷയ്ക്കുശേഷം വിട്ടയച്ചിട്ടുണ്ട്. ആരുടേയും നില ഗുരുതരമല്ല. ഒരാളെ ബി.പി. കുറഞ്ഞതായി കണ്ടതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്. 15 വയസ്സുള്ള ഷിജിയെന്ന പെൺകുട്ടി മെഡിക്കൽ കോളേജിൽ ചികിൽസയിലാണ്. പത്ത് പേർ ഇതിനുപുറമേ നിരീക്ഷണത്തിലുണ്ട്. 66 മുതിർന്നവരേയും 10 കുട്ടികളേയും പ്രഥമ ശുശ്രൂഷ നൽകിയശേഷം വിട്ടയച്ചു. ഭക്ഷണ സാധനങ്ങളുടെ സാംപിളെടുത്ത് ലാബ് ടെസ്റ്റിന് കൊടുത്തിട്ടുണ്ട്. റിസൾട്ട് കിട്ടിയില്ല. ആഹാരം പാകം ചെയ്യാൻ ഉപയോഗിച്ച ചെമ്പുപാത്രം ഈയം പൂശാത്തതുകൊണ്ടുള്ള വിഷബാധയായിരിക്കാമെന്നാണ് പ്രാഥമിക നിഗമനം. ആവശ്യമായ എല്ലാ നടപടികളും ഡോക്ടർമാരുടെ ഭാഗത്തുനിന്നും ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly